നം.എ5- 6792/21/സ്ത്രീ.കു.ആ

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി,
തൈക്കാട്,തിരുവനന്തപുരം,തീയതി.07.10.2021

## ദർഘാസ് പരസ്യം

തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ കോമ്പണ്ടിനുള്ളിൽ ഡയാലിസിസ് യൂണിറ്റിനോട് അടുത്ത് പ്രവർത്തിക്കുന്ന കാന്റീൻ 2022 ജനുവരി മുതൽ ഒരു വർഷക്കാലയളവിൽ നിബന്ധനകൾക്ക് വിധേയമായി മാസവാടക നിരക്കിൽ നടത്തുവാൻ തയ്യാറുള്ള വ്യക്തികളിൽ നിന്നും യൂണിറ്റുകളിൽ നിന്നും മൽസര സ്വഭാവമുള്ള സീൽ ചെയ്ത ദർഘാസുകൾ ആശുപത്രി സൂപ്രണ്ടിന്റെ പേരിൽ ക്ഷണിച്ചുകൊള്ളുന്നു.

ഓരോ മാസത്തേയ്ക്കുള്ള വാടക നികുതി ഉൾപ്പെടെ എത്രയെന്ന് ദർഘാസിൽ കാണിച്ചിരിക്കേണ്ടതാണ്. പ്രസ്തുത തുകയിൽ നിന്ന് സർക്കാർ കാലകാലങ്ങളിൽ നിശ്ചയിക്കുന്ന വരുമാന നികുതി ഈടാക്കുന്നതാണ്.

| | | |
|---|---|---|
| ദർഘാസ് കൊടുത്തു തുടങ്ങുന്ന തീയതിയും സമയവും | | 15.11.2021 |
| ദർഘാസ് കൊടുക്കുന്ന അവസാന തീയതിയും സമയവും | | 15.12.2021 |
| ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | | 15.12.2021 |
| ദർഘാസിന്റെ വില | ഒറിജിനൽ | 400/- + ജി.എസ്.റ്റി |
| | ഡ്യൂപ്ലിക്കേറ്റ് | |
| നിരത ദ്രവ്യം | | 1500/- |
| | | |

അപൂർണ്ണമായതോ നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കാത്തതുമായ ദർഘാസുകൾ പരിഗണിക്കുന്നതല്ല. കരാർ അംഗീകരിക്കുന്ന മുറയ്ക്ക് 3 മാസത്തെ കരാർ തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകേണ്ടതാണ്.

ദർഘാസ് അടങ്ങിയ കവറിനു മുകളിൽ കാന്റീൻ നടത്തുന്നതിനുള്ള ദർഘാസ് 2021- 22 എന്ന് രേഖപ്പെടുത്തേണ്ടതും സൂപ്രണ്ട്, സ്ത്രീകളുടെയും, കുട്ടികളുടെയും ആശുപത്രി തൈയ്ക്കാട് എന്ന വിലാസത്തിൽ ദർഘാസ് സമർപ്പിക്കേണ്ടതുമാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയങ്ങളിൽ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ നമ്പർ......

## നിബന്ധനകൾ

1. കാന്റീൻ ലേലം കൊള്ളുന്നയാൾ ലേലം അംഗീകരിച്ച് ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ആശുപത്രി സൂപ്രണ്ടുമായി 200/- രൂപ മുദ്രപത്രത്തിൽ ഒരു കരാർ ഉണ്ടാക്കേണ്ടതാണ്.
2. വെള്ളം, വൈദ്യുതി എന്നിവയുടെ തുക കരാറുകാരൻ അടക്കേണ്ടതാണ്.
3. ഭക്ഷ്യേതര വസ്തുക്കളോ, ഉൽപ്പന്നങ്ങളോ, കാലാകാലങ്ങളിൽ സർക്കാർ നിരോധന മേർപ്പെടു ത്തിയിട്ടുള്ള വസ്തുക്കളോ ഒന്നും തന്നെ വിൽക്കുവാൻ പാടുള്ളതല്ല.
4. ആശുപത്രി ജീവനക്കാർക്ക് ഭക്ഷണ വിലയിൽ 25% (ഇരുപത്തഞ്ച് ശതമാനം) ഇളവ് നൽകേണ്ടതാണ്.
5. കാന്റീനിൽ വിലവിവരപ്പട്ടിക വ്യക്തമായും, കൃത്യമായും പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്. വിലയിൽ മാറ്റം വരുത്തുന്നതിന് സൂപ്രണ്ടിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.
6. രോഗികൾക്ക് ആവശ്യാനുസരണം ചൂടുവെള്ളം നൽകേണ്ടതാണ്.
7. കാന്റീനിൽ ഉപയോഗിക്കുന്ന കുടിവെള്ളം കരാറുകാരൻ സ്വന്തം ചെലവിൽ മൂന്ന് മാസം കൂടുമ്പോൾ പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ ടെസ്റ്റ് ചെയ്ത് റിപ്പോർട്ട് ബന്ധപ്പെട്ട അധികാരികൾക്ക് മുൻപാകെ ഹാജരാക്കേണ്ടതാണ്.
8. കാന്റീൻ നടത്തിപ്പിനാവശ്യമായ എല്ലാ സാധന സാമഗ്രികളും കരാറുകാരൻ സ്വന്തം നിലയിൽ സംഭരിച്ച് ഉപയോഗിക്കേണ്ടതാണ്.
9. ഭക്ഷണ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും, കാന്റീനും പരിസരവും വൃത്തിയായി സൂക്ഷിക്കു ന്നതിനുള്ള ഉത്തരവാദിത്വം കരാറുകാരന്റേതായിരിയ്ക്കും. കാന്റീൻ പരിശോധിക്കുന്നതിന് ആശുപത്രി സൂപ്രണ്ട് നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥർക്ക് അധികാരം ഉണ്ടായിരിക്കുന്നതും അവർ നൽകുന്ന നിർദ്ദേശങ്ങൾ കരാറുകാരൻ കൃത്യമായും കർശനമായും പാലിക്കേണ്ടതുമാണ്. ഭക്ഷണ സാധനങ്ങൾ പരിശോധിക്കുന്നതിനും അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടി വന്നാൽ സാമ്പിൾ പരിശോധനയ്ക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. അത്തരം പരിശോധനകളിൽ കാന്റീൻ നടത്തിപ്പ് തൃപ്തികരമല്ലെന്നു കണ്ടാൽ കാന്റീൻ അടച്ചു പൂട്ടുന്നതിനുള്ള അധികാരം സൂപ്രണ്ടിന് ഉണ്ടായിരിക്കുന്നതാണ്. ഇതുവഴി കാന്റീൻ കരാറുകാരന് ഉണ്ടാവുന്ന നഷ്ടങ്ങൾക്ക് സൂപ്രണ്ട് യാതൊരു വിധത്തിലും ഉത്തരവാദിയായിരിക്കുന്നതല്ല. .

10. കാന്റീൻ വാടക മുൻകൂറായി എല്ലാ മാസവും 5-ാം തീയതിയ്ക്കു മുൻപായി അടക്കേണ്ടതാണ്. 5-ാം തീയതി കഴിഞ്ഞാൽ ഓരോ ദിവസവും 100/-രൂപ നിരക്കിൽ പിഴ അടക്കേണ്ടതാണ്.

11. പൂർണ്ണമായും, കൃത്യമായും ഗ്രീൻ പ്രോട്ടോകോൾ പാലിച്ചു കൊണ്ടായിരിക്കണം കാന്റീൻ നടത്തികൊണ്ടുപോകേണ്ടത്. യാതൊരുതരത്തിലും പ്ലാസ്റ്റിക് സാമഗ്രികൾ, ഡിസ്പോസിബിൾ സാമഗ്രികൾ എന്നിവ ഉപയോഗിക്കുവാൻ പാടില്ലായെന്നും, , ഉറപ്പുവരുത്തേണ്ടതാണ് .ഇല്ലാത്ത പക്ഷം കാന്റീൻ നടത്തിപ്പിന്റെ കരാർ റദ്ദ് ചെയ്യുന്നതാണ്.

12. കാന്റീൻ അവശിഷ്ടങ്ങൾ കരാറുകാരൻ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും അന്നന്ന് നീക്കം ചെയ്യേണ്ടതാണ്. ഇത് ആശുപത്രി കോമ്പൗണ്ടിൽ ഇട്ട് കത്തിയ്ക്കുവാൻ പാടുള്ളതല്ല. കാന്റീനിലോ പരിസരത്തോ യാതൊരു വിധ മാലിന്യമോ, ദുർഗന്ധമോ ഉണ്ടാവാൻ പാടുള്ളതല്ല.

13. ലേല/ ദർഘാസ് നടപടികളിൽ തർക്കങ്ങൾ ഉണ്ടായാൽ അതിൻമേൽ സൂപ്രണ്ട് കൈക്കൊള്ളുന്ന തീരുമാനം അന്തിമമായിരിക്കും. നോട്ടീസ് കൂടാതെ ഏതെങ്കിലും കാരണവശാൽ ലേലം മാറ്റി വയ്ക്കുന്നതിനോ, റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.

14. കാന്റീൻ ജീവനക്കാരുടെ ഹെൽത്ത് കാർഡ് ഉണ്ടാക്കി സൂക്ഷിയ്ക്കുകയും ഏത് സമയത്ത് ആവശ്യപ്പെട്ടാലും ബന്ധപ്പെട്ട അധികാരികൾക്ക് മുൻപാകെ ഹാജരാക്കേണ്ടതുമാണ്. കാന്റീൻ ജീവനക്കാർ വൃത്തിയും വെടിപ്പുമുള്ള വസ്ത്രം ധരിച്ചിരിക്കണം.

15. കാന്റീൻ രാവിലെ 6 മണി മുതൽ രാത്രി 9 മണി വരെ തുറന്ന് പ്രവർത്തിക്കേണ്ടതാണ്.

16. കാന്റീനിൽ ആശുപത്രി ജീവനക്കാർക്ക് മാത്രമായി ഭക്ഷണം വിളമ്പുന്ന സ്ഥലത്ത് പുറത്ത് നിന്നുള്ളവർക്ക് ഭക്ഷണം നൽകുവാൻ പാടുള്ളതല്ല.

17. അംഗീകൃത കാന്റീൻ ജീവനക്കാരല്ലാത്ത ആരെയും ആശുപത്രി കോമ്പൗണ്ടിൽ കാന്റീന്റെ ഭക്ഷണം പാകം ചെയ്യുന്ന സ്ഥലത്ത് പ്രവേശിയ്ക്കാൻ അനുവദിയ്ക്കുന്നതല്ല.

18. കാന്റീൻ നടത്തിപ്പിനാവശ്യമായ നിയമാനുസൃതമായ ലൈസൻസ് കരാറുകാരൻ സ്വന്തം പേരിൽ എടുക്കേണ്ടതാണ്. പകർപ്പ് കാന്റീൻ തുടങ്ങുന്നതിനു മുൻപായി ഹാജരാക്കേണ്ടതാണ്.

19. കാന്റീൻ കെട്ടിടത്തിനോ നടത്തിപ്പിനായി അനുവദിച്ചിട്ടുള്ള മറ്റ് ഉപകരണങ്ങൾക്കോ യാതൊരു വിധ കേടുപാടുകളും കരാറുകാരൻ വരുത്തുവാൻ പാടില്ലാത്തതാകുന്നു. അത്തരത്തിൽ കേടുപാടുകൾ വരുത്തുന്ന പക്ഷം കരാറുകാരൻ തന്നെ സൂപ്രണ്ട് നിശ്ചയിയ്ക്കുന്ന തരത്തിൽ കേടുപാടുകൾ തീർത്ത് ശരിയാക്കേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം അവ റിപ്പയർ ചെയ്യാൻ വേണ്ടി വരുന്ന തുക

നിയമാനുസൃതം കരാറുകാരനിൽ നിന്ന് പിരിച്ചെടുക്കുവാൻ ബന്ധപ്പെട്ട അധികാരികൾക്ക് അധികാരമുള്ളതായിരിക്കും.

20. കെട്ടിടത്തിൽ ഏതെങ്കിലും തരത്തിലുള്ള ഭേദഗതികൾ ആവശ്യമാണെങ്കിൽ ബന്ധപ്പെട്ട അധികാരികളുടെ രേഖാമൂലമുള്ള അനുവാദത്തോടുകൂടി മാത്രം നിർവഹിക്കേണ്ടതാണ്.
21. ടെണ്ടർ നടപടികൾ എച്ച്.ഡി.സി കമ്മിറ്റിയുടെ അംഗീകരാരത്തിന് വിധേയമായിരിക്കും.
22. കാന്റീൻ പ്രവർത്തനം തദ്ദേശ സ്വയംഭരണ വകുപ്പ്, ഭക്ഷ്യ സുരക്ഷാ വകുപ്പ്, വിൽപന നികുതി വകുപ്പ് എന്നിവയുടെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിരിക്കുന്നതാണ്
23. കാന്റീൻ നടത്തിപ്പുകാരും, ജീവനക്കാരും 2 ഡോസ് കോവിഡ് വാക്സിൻ എടുത്തിരിക്കണം.
24. കാന്റീനിൽ നിന്നും ഉണ്ടാകുന്ന മലിന ജലവും, മറ്റ് അവശിഷ്ടങ്ങളും പൊതുസ്ഥലത്തേക്ക് ഒഴുകാത്ത വിധത്തിൽ നിയമാനുസൃതം സംസ്കരിക്കേണ്ടതിനാവശ്യമായ സംവിധാനങ്ങൾ കർശനമായും കാന്റീൻ നടത്തിപ്പുകാർ ഒരുക്കേണ്ടതാണ്.
25. ആശുപത്രിയിൽ എത്തുന്ന രോഗികൾക്കും, വാഹനങ്ങൾക്കും, ക്യാന്റീന്റെ ആവശ്യത്തിനായ് വരുന്ന വാഹനങ്ങൾ ഒരുകാരണവശാലും തടസ്സം ഉണ്ടാക്കാൻ പാടില്ല.

SUPERINTENDENT
Govt.W & C Hospital Thycaud
Thiruvananthapuram - 14